# വെള്ളമിറങ്ങുമ്പോൾ നമ്മൾ ചെയ്യേണ്ടത്

മഴയുടെ ശക്തികുറഞ്ഞതോടെ വെള്ളം പതുക്കെ ഇറങ്ങി തുടങ്ങുകയാണ്. വെള്ളം ശരിക്കിറങ്ങി, ഇനി ഉടൻ വേറെ വെള്ളപ്പൊക്കം ഉണ്ടാകുകയില്ല എന്നുറപ്പ് വരുത്തിയതിന് ശേഷം മാത്രം വീട്ടിലേക്ക് പോവുക എന്നതാണ് ശരിയായ കാര്യം. എങ്കിലും ആളുകൾ അതവഗണിച്ച് വേഗത്തിൽ വീട്ടിലേക്ക് മടങ്ങും. അതുകൊണ്ട് തന്നെ ഇക്കാര്യത്തിൽ കുറച്ച് പ്രായോഗിക നിർദേശങ്ങൾ നൽകുകയാണ്.

ഒറ്റക്ക് വീട്ടിലേക്ക് മടങ്ങരുത്, മുതിർന്നവർ രണ്ടോ അതിലധികമോ പേർ ഒരുമിച്ച് പോകണം, കാരണം എന്തെങ്കിലും കുഴപ്പം ഉണ്ടായാൽ പരസ്പരം സഹായിക്കാൻ പറ്റുമല്ലോ (സ്വന്തം വീടിന് നാശം ഉണ്ടായാൽ; അതുകണ്ട് ഹൃദയസ്തംഭനം വരെ ഉണ്ടായിട്ടുണ്ട്).

ആദ്യമായി വീട്ടിലേക്ക് തിരിച്ച് പോകുമ്പോൾ കുട്ടികളെ കൊണ്ടുപോകരുത്. എന്താണ് അവിടെ കാണാൻ പോകുന്നതെന്നോ എന്തൊക്കെ അപകടങ്ങൾ ഉണ്ടെന്നോ പറയാൻ പറ്റില്ല, കുട്ടികൾക്ക് അപകടം ഉണ്ടായില്ലെങ്കിലും മാനസികമായ ഷോക്ക് ഉണ്ടാകാം. അതിനാൽ ഒഴിവാക്കണം.

ഒരു കാരണവശാലും രാത്രിയിൽ തിരിച്ച് വീട്ടിലേക്ക് ചെല്ലരുത്. വീടിനകത്ത് മൂർഖൻ, അണലി തുടങ്ങിയ വിഷപാമ്പ് മുതൽ ഗ്യാസ് ലീക്ക് വരെ ഉണ്ടാകും. രാത്രി കയറി ചെല്ലുന്നത് അപായമാണ്. ചെളി മുതലായവ വലിയ പ്രശ്നങ്ങൾ തന്നെയാകും.

റോഡിലോ മുറ്റത്തോ ചെളിയിൽ തെന്നി വീഴാതെ നോക്കണം. പറ്റുമെങ്കിൽ ചെളിയുടെ നിരപ്പിന് മുകളിൽ ഉള്ള ചെരുപ്പുകൾ ധരിക്കണം. വ്യക്തിസുരക്ഷക്ക് വേണ്ടി ഒരു മാസ്ക് ഉപയോഗിക്കണം, അത് ലഭ്യമല്ലെങ്കിൽ ഒരു തോർത്ത്, തുവാല മൂക്കിന് മുകളിലൂടെ ചുറ്റിക്കെട്ടണം. കയ്യിൽ കട്ടിയുള്ള കയ്യുറകൾ ഉണ്ടെങ്കിൽ നല്ലതാണ്.

നമ്മുടെ വീടിന്റെ ചുറ്റും ചിലപ്പോൾ മൃഗങ്ങളുടെ മൃതദേഹം ഉണ്ടാകാൻ വഴിയുണ്ടെന്ന് പ്രതീക്ഷിക്കുക. അങ്ങനെ ഉണ്ടെങ്കിൽ ഒരിക്കലും കൈകൊണ്ട് തൊടരുത്.

വീടിന്റെ ജനാലകൾ പുറത്തു നിന്ന് തുറക്കാൻ പറ്റുമെങ്കിൽ അവ തുറന്നിട്ട് കുറച്ച് സമയം കഴിഞ്ഞിട്ട് വേണം അകത്ത് പ്രവേശിക്കാൻ. വീടിനകത്തും പുറത്തും ഇഴ ജന്തുക്കളെയും മറ്റും പ്രതീക്ഷിക്കണം.

വീടിനകത്തേക്ക് പ്രവേശിക്കുന്നതിന് മുൻപ് ഇലക്ട്രിക്കൽ മെയിൻ സ്വിച്ച് ഓഫ് ചെയ്യണം. വീടിനു പുറത്തു നിന്നും പൈപ്പ് വഴിയാണ് ഗ്യാസ് സപ്ലൈ ചെയ്യുന്നതെങ്കിൽ അല്ലെങ്കിൽ ഗ്യാസിന്റെ സിലിണ്ടർ വീട്ടിന് വെളിയിലാണെങ്കിൽ അത് ഓഫ് ചെയ്യണം. വീടിനകത്ത് കയറുന്നതിന് മുൻപ് ഗ്യാസ് ലീക്ക് ഉള്ളതായി തോന്നിയാൽ വാതിൽ തുറന്നിട്ട് കുറെ കഴിഞ്ഞിട്ട് അകത്ത് കയറിയാൽ മതി.

വീടിന്റെ വാതിലിന്റെ ഇരുവശവും ചെളി ആയതിനാൽ തുറക്കുക ശ്രമകരം ആയിരിക്കാനാണ് വഴി, ബലം പ്രയോഗിക്കേണ്ടി വരും. പഴയ വീടാണെങ്കിൽ ഇങ്ങനെ ബലം പ്രയോഗിക്കുമ്പോൾ അത് ഭിത്തിയെയോ മേൽക്കൂരയെയോ അസ്ഥിരപ്പെടുത്താൻ വഴിവെക്കും: സൂക്ഷിക്കണം.

നമ്മൾ അറേഞ്ച് ചെയ്തു വച്ചിട്ടുപോയ വീടായിരിക്കില്ല നമ്മൾ അകത്ത് കാണാൻ പോകുന്നത്. വെള്ളത്തിൽ വസ്തുക്കൾ ഒഴുകി നടന്നിട്ടുണ്ടാകാം, ഫാനിന്റെ മുകളിലോ ഒക്കെ പോയി തങ്ങി നിൽക്കുന്നവ നമ്മുടെ തലയിൽ വീഴാനുള്ള സാധ്യത മുന്നിൽ കാണണം.

കയറിയാൽ ഉടൻ ഒരു കാരണവശാലും വീടിനകത്ത് ലൈറ്റർ ഉപയോഗിക്കരുത്. തീപ്പെട്ടി മുതലായവ ഉപയോഗിച്ച് തീ കത്തിക്കരുത്. സിഗരറ്റോ മെഴുകുതിരിയോ കത്തിക്കുകയും ചെയ്യരുത്. വീടിനകത്തെ എല്ലാ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും പ്ലഗ്ഗ് സൂക്ഷിച്ച് ഊരിയിടണം.

ഫ്രിഡ്ജിൽ ഇറച്ചിയോ മീനോ ഉണ്ടായിരുന്നുവെങ്കിൽ അത് കേടായിക്കാണും. വലിയ ഫ്രീസർ ആണെങ്കിൽ മത്സ്യമാംസാദികൾ അഴുകി മീഥേൻ ഗ്യാസ് ഉണ്ടാകാൻ വഴിയുണ്ട്. ഫ്രീസർ തുറക്കുമ്പോൾ ഈ ഗ്യാസ് ശക്തമായി ഫ്രീസറിന്റെ മൂടിയെ തല്ലി തെറിപ്പിച്ച സംഭവം വരെ ഉണ്ടായിട്ടുണ്ട്.

ജലനിരപ്പ് ഉയർന്നതിന് തെളിവ് വ്യക്തമാകും വിധം വീടിന്റെ ഫോട്ടോകൾ 3-4 ആംഗിളിൽ നിന്നും മൊബൈലിൽ എടുത്ത് വെക്കണം. വീട്ടിൽ നഷ്ടം പറ്റിയ ഓരോ വസ്തുവിന്റെയും കണക്കെടുക്കുക, അതിന്റെ ഫോട്ടോ എടുക്കുക. ഇവ നഷ്ടപരിഹാരം ലഭിക്കുന്നതിനും മറ്റും പിന്നീട് സഹായിച്ചേക്കാം.

വീട്ടിൽ ഫ്ളഷും വെള്ള പൈപ്പും വർക്ക് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുക. വരുന്നുണ്ടെങ്കിൽ അതിലൂടെ വരുന്നത് ശുദ്ധജലമാണോ അതോ കലക്ക വെള്ളം ആണോ എന്ന് ശ്രദ്ധിക്കുക.

#unitekerala

# വെള്ളമിറങ്ങുമ്പോൾ നമ്മൾ ചെയ്യേണ്ടത്



വീടിന്റെ വാതിലും ജനാലയും വെയിലുള്ള സമയത്ത് തുറന്നിടുക. ശുദ്ധമായ വായു പ്രവഹിക്കട്ടെ. വീടിനകവും പുറവും വൃത്തിയാക്കുക എന്നതാണ് അടുത്ത കാര്യം.




കുടിവെള്ള ലഭ്യത വലിയ പ്രതിസന്ധി തന്നെയാണ്. നിലവിലുള്ള ജലസ്രോതസ്സുകൾ ശുദ്ധീകരിച്ചു ഉപയോഗിച്ചുകൊണ്ട് മാത്രമെ നമുക്കത് പരിഹരിക്കാൻ കഴിയൂ.

# കിണറിലെ വെള്ളം ശുദ്ധീകരിക്കുന്ന രീതി


സാധാരണ ക്ലോറിനേഷൻ നടത്താൻ 1000 ലിറ്ററിന് 2.5 ഗ്രാം ബ്ലീച്ചിംഗ് പൗഡർ ആണ് ആവശ്യം വരിക. എന്നാൽ വെള്ളപ്പൊക്കത്തിനു ശേഷം വെള്ളം അതീവ മലിനം ആയിരിക്കും എന്നത് കൊണ്ട്. സൂപ്പർ ക്ലോറിനേഷൻ നടത്തേണ്ടതുണ്ട്. ഇതിനായി 1000 ലിറ്ററിന് 5 ഗ്രാം (ഏകദേശം ഒരു ടീസ്പൂൺ കൂമ്പാരം ആയി) ബ്ലീച്ചിംഗ് പൗഡർ ആണ് ആവശ്യം.






കിണറ്റിലെ വെള്ളത്തിന്റെ അളവ് എത്ര ലിറ്ററെന്ന് ഏകദേശം കണക്കാക്കി ആവശ്യമായ ബ്ലീച്ചിംഗ് പൗഡർ ഒരു പ്ലാസ്റ്റിക് ബക്കറ്റിൽ എടുക്കുക. ഇതിൽ അൽപ്പം വെള്ളം ചേർത്ത് കുഴമ്പ് പരുവത്തിൽ ആക്കുക. നന്നായി കുഴമ്പ് ആയ ശേഷം ബക്കറ്റിന്റെ മുക്കാൽ ഭാഗം വെള്ളം ഒഴിച്ച് ഇളക്കുക. ശേഷം ബക്കറ്റ് 10 മിനിറ്റ് അനക്കാതെ വെക്കുക.

10 മിനിറ്റ് കഴിയുമ്പോൾ ലായനിയിലെ ചുണ്ണാമ്പ് അടിയിൽ അടിയും. മുകളിൽ ഉള്ള വെള്ളത്തിൽ ക്ലോറിൻ ലയിച്ചു ചേർന്നിരിക്കും. വെള്ളം കോരുന്ന ബക്കറ്റിലേക്ക് ഈ തെളി ഒഴിച്ച ശേഷം ബക്കറ്റ് കിണറിന്റെ ഏറ്റവും അടിയിലേക്ക് ഇറക്കി പൊക്കുകയും താഴ്ത്തുകയും ചെയ്തു വെള്ളത്തിൽ ക്ലോറിൻ ലായനി നന്നായി കലർത്തുക. വെള്ളത്തിൽനിന്നും ക്ലോറിന്റെ മണം വരുന്നത് മതിയായ അളവിൽ അത് എത്തിയെന്നതിന് മാനദണ്ഡമാക്കാം.




---

ഒരു മണിക്കൂർ സമയം വെള്ളം അനക്കാതെ വച്ച ശേഷം കിണറിലെ വെള്ളം ഉപയോഗിച്ച് തുടങ്ങാം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ളവിതരണം തകരാറിലായതിനാൽ നിർബന്ധമായും ഇത്തരത്തിൽ ക്ലോറിനേറ്റ് ചെയ്തത് തിളപ്പിച്ചാറ്റിയതിന് ശേഷം മാത്രം ഉപയോഗിക്കുക.

---

# വീടിൻറെ തറയും പരിസരവും വൃത്തിയാക്കുന്ന രീതി


പരിസരം വൃത്തി ആക്കാൻ പലരും ബ്ലീച്ചിംഗ് പൗഡർ വിതറുന്നത് കാണാം. ഇത് കൊണ്ട് പരിസരം അണുവിമുക്തം ആക്കാൻ സാധിക്കില്ല.



പൗഡർ വിതറുന്നതിന് പകരം ലായനിതന്നെ ഉപയോഗിക്കണം.



2.1% ക്ലോറിൻ ലായനി തയ്യാറാകുന്ന വിധം: 6 ടീ സ്പൂൺ ബ്ലീച്ചിംഗ് പൗഡർ എടുത്തു കുഴമ്പ് പരുവത്തിലാക്കുക. അതിനു ശേഷം അതിലേക്ക 1 ലിറ്റർ വെള്ളം ചേർക്കുക. മുകളിൽ പറഞ്ഞ പോലെ കലക്കി 10 മിനിറ്റ് വച്ച ശേഷം, അതിന്റെ തെളി എടുത്തു വേണം തറ തുടക്കാനും, പരിസരത്ത് ഒഴിക്കാനും. കൂടുതൽ ആവശ്യം എങ്കിൽ ഒരു ലിറ്ററിന് 6 ടീസ്പൂൺ എന്ന കണക്കിന് ലായനി തയ്യാറാക്കണം.







നിലം തുടച്ച ശേഷം വീട്ടു പരിസരത്ത് ക്ലോറിൻ ലായനി ഒഴിച്ച ശേഷം ചുരുങ്ങിയത് 20-30 മിനിറ്റ് സമ്പർക്കം ലഭിച്ചാൽ മാത്രമേ അണു നശീകരണം കൃത്യമായി നടക്കുകയുള്ളൂ. അതിനാൽ അത്രയും സമയം വരെ തറ വീണ്ടും തുടക്കുവാനോ വെള്ളം ഒഴിക്കുവാനോ പാടില്ല.

അര മണിക്കൂറിനു ശേഷം മണം ഉള്ള മറ്റു ലായനികൾ ഉപയോഗിച്ച് തറ വൃത്തി ആക്കി ക്ലോറിൻ മണം മാറ്റുകയും ചെയ്യാം



#unitekerala

ഐക്യകേരളം ഒന്നിച്ചിറങ്ങുന്നു, നമുക്ക് നാടിനെ പുനർനിർമിക്കാം